സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ബഹു: പ്രസിഡന്റ് മെമ്പർമാർ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിലെ ഡ്രൈവർമാർക്ക് ദിവസവേതന തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 131/12/Est-I** നന്തൻകോട്, **03/5/2017**

---

പരാമർശം :- (1) 20-11-2014 ലെ മേൽ നമ്പർ ഉത്തരവ്.

(2) 26-2-2016 ലെ G.O.(P) No. 28/2016/Fin നമ്പർ ഉത്തരവ്.

(3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 13-4-2017 ലെ DA 66/11/Est നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ഡ്രൈവർ തസ്തികയിലുള്ളവരുടെ ദിവസവേതനം 400/- രൂപയിൽ നിന്നും 450/- രൂപയായി വർദ്ധിപ്പിച്ച് ബോർഡുത്തരവായി (പരാമർശം -1).

സംസ്ഥാന സർക്കാർ ദിവസാവേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന ഡ്രൈവർമാരുടെ ദിവസവേതനം 650/- രൂപയായി വർദ്ധിപ്പിച്ച് 01-4-2016 മുതൽ മുൻകാല പ്രാബല്യം നൽകി ഉത്തരവായി (പരാമർശം -2).

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജോലിഭാരം കണക്കിലെടുത്ത് ബഹുമാനപ്പെട്ട ബോർഡ് പ്രസിഡന്റിന്റെയും മെമ്പർമാരുടേയും പേഴ്സണൽ ഡ്രൈവർമാർക്ക് മാത്രം ദിവസവേതനം 650/- രൂപയായി നിജപ്പെടുത്തി നൽകാവുന്നതാണെന്നും ആയതിന് 01-4-2016 മുതൽ മുൻകാല പ്രാബല്യം നൽകാവുന്നതാണെന്നും വിവരിച്ചുള്ള ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ പരാമർശം 3 റിപ്പോർട്ട് ലഭിച്ചു.

ബോർഡ് ടി വിഷയം പരിശോധിച്ചു ചർച്ച ചെയ്തു.

ബഹു: ബോർഡ് പ്രസിഡന്റ്, മെമ്പർമാർ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ഡ്രൈവർമാർക്ക് ദിവസവേതനം 650/- രൂപയായി വർദ്ധിപ്പിച്ചും ആയതിന് 01-4-2016 മുതൽ മുൻകാല പ്രാബല്യം നൽകിയും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. ചീഫ് എഞ്ചിനീയർ
4. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
5. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
6. ബഹു: പ്രസിഡന്റിന്റെ പേഴ്സണൽ സെക്രട്ടറി
7. ബഹു: മെമ്പർ -1 ന്റെ പേഴ്സണൽ സെക്രട്ടറി
8. ബഹു: മെമ്പർ -2 ന്റെ പേഴ്സണൽ സെക്രട്ടറി
9. സെക്ഷൻ ഫയൽ
10. ഫയൽ ബുക്ക്
11. ഫെയർ ആഫീസ് കോപ്പി.

EDP Sect.